# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2162

18.03.2015-ൽ മറുപടിക്ക്

## കാരശ്ശേരി സർവ്വീസ് സഹകരണ ബാങ്ക്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എളമരം കരീം : | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി) |
| (എ) കോഴിക്കോട് ജില്ലയിലെ കാരശ്ശേരി സർവ്വീസ് സഹകരണ ബാങ്കിന്, ജില്ലായിലാകെ പ്രവർത്തിക്കാൻ സഹകരണ വകുപ്പ് അനുമതി നല്കിയിട്ടുണ്ടോ; | (എ) കാരശ്ശേരി സർവീസ് സഹകരണ ബാങ്കിന് ജില്ലയിലാകെ പ്രവർത്തിക്കുവാൻ അനുമതി നൽകിയിട്ടില്ല. എന്നാൽ ഡബ്ലിയു.പി.(സി) നമ്പർ 6330/2014 മേലുള്ള ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 14.8.2014 ലെ വിധി ന്യായത്തിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട കക്ഷികളെ സഹകരണ വകുപ്പ് സെക്രട്ടറി നേരിൽ കേൾക്കുകയും, ഈ വിഷയത്തിൽ പൊതുതാൽപ്പര്യം മുൻനിർത്തി കോഴിക്കോട് കോർപ്പറേഷൻ പരിധി ഒഴിച്ചുള്ള കോഴിക്കോട് താലൂക്ക് പ്രദേശം പ്രവർത്തന പരിധിയായി അനുവദിച്ചുകൊണ്ട് ഉത്തരവ് നൽകിയിട്ടുണ്ട്. |
| (ബി) മേൽപ്പറഞ്ഞവിധം അനുമതി നല്കിയതിന് നിയമ സാധുതയുണ്ടോ; | (ബി) കേരള സഹകരണ സംഘം നിയമ പ്രകാരം സർക്കാർ നൽകിയ ഇളവനുവാദത്തിന് നിയമ സാധുതയുണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത ബാങ്കിന്റെ പ്രവർത്തന പരിധി കോഴിക്കോട് ജില്ലയാകെ എന്ന് തീരുമാനിക്കുന്നതിനെതിരെ, ജില്ലയിലെ മറ്റ് സഹകരണ ബാങ്കുകൾ കൂട്ടായി എതിർപ്പ് പ്രകടിപ്പിച്ചത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ? | (സി) | കാരശ്ശേരി ബാങ്കിന് കോഴിക്കോട് ജില്ലയാകെ പ്രവർത്തിക്കുവാൻ അനുമതി നൽകിയിട്ടില്ല. കോർപ്പറേഷൻ പരിധി ഒഴികെയുള്ള കോഴിക്കോട് താലൂക്ക് പ്രവർത്തന പരിധിയായി അനുവദിച്ചതിനെതിരെ ജില്ലയിലെ മറ്റ് സഹകരണ ബാങ്കുകൾ പരാതികൾ സമർപ്പിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ